ഉത്തരം

പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിവരുന്ന പഠനത്തിൽ പുത്തൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

വനിതകളുടെ പേയിംഗ് ഗസ്റ്റ് സംവിധാനം

162 (1867) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനിതകളുടെ പേയിംഗ് ഗസ്റ്റ് സംവിധാനത്തിന് പോലീസ് ക്ലിയറൻസ് വേണമെന്ന നിബന്ധന ഏർപ്പെടുത്തുമോ ; വിശദമാക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അനീഷിന്റെ കൊലപാതകം

163 (1868) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്, പന്ത്രണ്ടാം വാർഡിൽ, എസ്.എം. കോളനി, നന്ദനം വീട്ടിൽ പി. അനീഷ് കുമാറിനെ ആലപ്പുഴ കൈതവനയിൽ മയക്കുമരുന്ന് മാഫിയ സംഘം കൊല ചെയ്തതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണ സ്ഥിതി അറിയിക്കുമോ ;

(ബി) പ്രസ്തുത കേസ് ആരാണ് അന്വേഷിക്കുന്നതെന്നും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ ;

(സി) കേസിൽ എത്ര പ്രതികളാണ് ഉള്ളതെന്നും ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തുവെന്നുമുള്ള വിശദാംശം നൽകുമോ ;

(ഡി) ആലപ്പുഴ ടൗണും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുണ്ടാ മയക്കുമരുന്ന് മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) അനീഷിന്റെ കുടുംബത്തിന് ധനസഹായം നല്കുന്ന കാര്യം പരിഗണിക്കുമോ ; അനീഷിന്റെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) പുന്നപ്ര തെക്കുപഞ്ചായത്ത് 12-ാം വാർഡിൽ കുറവന്തോട് എസ്.എം. കോളനിയിൽ നന്ദനം വീട്ടിൽ അനീഷ് കുമാർ വയസ് -45, കൊല്ലപ്പെട്ടത സംബന്ധിച്ച് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 318/15 u/s 143, 147, 148, 149, 120(b), 447, 294(b), 323, 307, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 13 പ്രതികൾ ഉൾപ്പെട്ടിട്ടുള്ള ഈ കേസിൽ 8 പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 5 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. അറസ്റ്റ് ചെയ്യുവാനുള്ള പ്രതികളെ കണ്ടെത്തുന്നതിനു വേണ്ടി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

(ബി) പ്രസ്തുത കേസ് ആലപ്പുഴ സൗത്ത് ഇൻസ്പെക്ടർ ഇപ്പോൾ അന്വേഷണം നടത്തി വരുന്നു. ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം 318/15 u/s 143, 147, 148, 149, 120(b), 447, 294(b), 323, 307, 302 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ആകെ 13 പ്രതികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളായ കനിഷ്ട് അനീഷ്, രാഹുൽ @ റിജു, രാജേഷ് @ കുട്ടൻ, ശ്യാം @കണ്ണൻ, മുകേഷ്, സതീഷ്, സാബു, അഖിൽ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 5 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

(ഡി) ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇക്കാര്യം ഈ വകുപ്പിന്റെ പരിഗണനയിലില്ല.

പാമോലിൻ ഇറക്കുമതി അഴിമതി കേസ്

164 (1869) ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. ഹംസ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോലിൻ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കേസ്സ് വിചാരണ നടക്കുന്നുണ്ടോ ;